MCC Library

**C 82754** (Pages : 3) Name.....................................

Reg. No.....................................

**SECOND SEMESTER M.A./M.Sc./M.Com. DEGREE EXAMINATION JUNE 2020**

(CUCSS)

Malayalam

MAL 2C 05—ADHUNIKA MALAYALA GADHYAM

(2014 Admissions)

Time : Three Hours Maximum : 36 Weightage

I. അരപുറത്തിൽ കവിയാതെ **പതിനാലു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

1 ''മണലെരിയുന്ന മരുഭൂമി. പ്രഭാതമില്ലാത്ത ഘോരരാത്രി''—ഇങ്ങനെ പറയുന്നതാര് ? ഏതു സന്ദർഭത്തിൽ ?

2 ''പെരട്ട്, ഊളപ്പെരട്ട്. അവന്റെ കള്ളി ഇപ്പൊ പൊളിച്ചില്ലെ''—ആരെക്കുറിച്ചാണ് പരാമർശം —സന്ദർഭമേത് ?

3 ''ഒരു ദരിദ്രവാസി രണ്ടാമതൊരു ദരിദ്രവാസിയെ കൊല്ലുന്നു. മൂന്നാമതൊരു ദരിദ്രവാസി അതിനെപ്പറ്റി പ്രസ്താവനയിറക്കുന്നു''—സന്ദർഭവും ആശയവും വ്യക്തമാക്കുക.

4 ''പാവങ്ങൾക്കു കിടന്നുചാവാൻ ഒരു തണലുകൂടി ഈശ്വരൻ കൊടുക്കില്യാ'' ആരുടെ വാക്കുകൾ ? ഏതു സന്ദർഭത്തിലാണ് ഇങ്ങനെ പറയുന്നത് ?

5 മഠത്തിലെ മദർ അസാമാന്യ കഴിവുള്ള സ്ത്രീയാണെന്ന് കഥാനായകന് തോന്നാൻ കാരണമെന്ത് ?

6 'ഇരുമ്പൻ ഗോവിന്ദൻ നായര്'—കഥാപാത്രനിരൂപണം നടത്തുക.

7 ഗോവർദ്ധന് തൂക്കുകയർ വിധിക്കാൻ ഇടയാക്കിയ കുറ്റമെന്ത് ?

8 സുകുമാരകലകളുടെയെല്ലാം ലക്ഷ്യമെന്ത് ?

9 ''ആ നിമിഷം രാജീന്ദർ പാണ്ഡേയുടെ മുറി ഒരു വൻ നഗരമായി രൂപാന്തരപ്പെടുന്നു''—വിവക്ഷിതം വ്യക്തമാക്കുക.

10 ഹിമാലയൻ യാത്രയുടെ പ്രാധാന്യത്തെക്കുറിച്ച് രാജൻ കാക്കനാടൻ മനസ്സിലാക്കിയതെങ്ങനെ ?

11 'അശ്ലീലം വരുത്തിവച്ച വിന' എന്ന കഥയുടെ ആശയതലമെന്ത് ?

Turn over

MCC Library



12 പണ്ഡിറ്റ്ജിയോട് മഖൻസിങ്ങ് പറഞ്ഞ വിഷമമെന്തായിരുന്നു ?

13 വാസ്തുശില്പത്തിലും നാടകനിർമാണത്തിലും ഫ്രഞ്ചുകാർക്കും ഐറിഷുകാർക്കും ഉത്തമകൃതികൾ നിർമ്മിക്കാനാവാത്തതിനു കാരണമായി കേസരി പറയുന്നതെന്താണ് ?

14 'ഗോമായു' എന്ന കുറുക്കന്റെ കഥ നൽകുന്ന ആശയമെന്ത് ?

(14 × 1 = 14 weightage)

II. ഒന്നരപ്പുറത്തിൽ കവിയാതെ **ഏഴു** ചോദ്യത്തിന് ഉത്തരം എഴുതുക :

15 മിത്തിന്റെയും യാഥാർത്ഥ്യത്തിന്റെയും അപൂർവസുന്ദരമായ ഇടകലരൽ കൊണ്ട് ശ്രദ്ധേയമായ നാടകമാണ് കറുത്ത ദൈവത്തെ തേടി—സമർത്ഥിക്കുക.

16 നൈസാമലി ഷെയ്ക്കിന്റെ ഖാലിയാരായി മാറിയതെങ്ങനെ ?

17 അമ്മയിൽ നിന്ന് ഇതര കഥാപാത്രങ്ങളിലേക്കു വ്യാപിക്കുന്ന മാതൃസത്ത എം.ടി. യുടെ രചനാശൈലിയുടെ സവിശേഷതയാണ്. കുട്ട്യേടത്തി എന്ന കഥാപാത്രം ഇതെത്രത്തോളം സാധൂകരിക്കുന്നുണ്ട് ?

18 മനുഷ്യരിൽ കൊടികുത്തി വാഴുന്ന അധികാരദുർമോഹത്തെ അപഗ്രഥിക്കുന്ന നാടകമാണ് 'ബലാബലം'—സമർത്ഥിക്കുക.

19 'ലങ്കാലക്ഷ്മി' യുദ്ധത്തിന്റ നാടകമാണ് എന്നു പറയുന്നതെന്തുകൊണ്ട് ?

20 പദങ്ങൾ തെരഞ്ഞെടുക്കുന്നതിൽ ആറ്റൂർ രവിവർമ്മയ്ക്കുള്ള നിഷ്ക്കർഷയ്ക്ക് 'മേഘരൂപൻ' എന്ന കവിതയിൽ നിന്നും ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടുക.

21 ഗതാനുഗതികത്വത്തെക്കാൾ നവനവോല്ലേഖ കല്പനയിലാണ് കവികൾ അധികദൃഷ്ടിവയ്ക്കേണ്ടത് —നളിനിയുടെ അവതാരികയിൽ ഏ.ആർ ഈ കാഴ്ചപ്പാട് സ്പഷ്ടമാക്കുന്നതെങ്ങനെ ?

22 'പക്ഷിയുടെ മണം' എന്ന കഥയിലെ പ്രധാന കഥാപാത്രം മരണമാണ്—സമർത്ഥിക്കുക.

23 'തോറ്റങ്ങൾ' ഒരു സ്ത്രീപക്ഷരചനയാണോ ? സ്വമതം സ്ഥാപിക്കുക.

24 രുദ്രാക്ഷമാഹാത്മ്യം നൽകുന്ന സന്ദേശമെന്ത് ?

(7 × 2 = 14 weightage)

MCC Library



III. അഞ്ചു പുറത്തിൽ കവിയാതെ **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക :

25 കുട്ടനാടൻ കർഷകത്തൊഴിലാളികളുടെ വർഗസമരത്തിന്റെ സൂക്ഷ്മചിത്രം അവതരിപ്പിക്കുന്ന ഭാവോജ്ജ്വലമായ നോവലാണ് 'രണ്ടിടങ്ങഴി'—ഉപപാദിക്കുക.

26 സമകാലികസ്ത്രീജീവിതദുരന്തത്തിന്റെ സർഗാത്മകാവിഷ്കാരമാണ് 'ഓരോരോ കാലത്തിലും' എന്ന നാടകം—നിരീക്ഷിക്കുക.

27 പ്രമേയാവതരണത്തിലെ അപൂർവതയും ഭാവാത്മകമായ ആഖ്യാനഭാഷയും കൊണ്ട് ശ്രദ്ധേയമാകുന്ന ചെറുകഥകളാണ് 'മഖൻസിങ്ങിന്റെ മരണവും 'പക്ഷിയുടെ മണ'വും —നിരീക്ഷിക്കുക.

28 ഹിമവാനിലേക്കുള്ള സാഹസികയാത്രാപഥങ്ങൾ രാജൻ കാക്കനാടൻ അനുഭവവേദ്യമാക്കിയിരിക്കുന്നതെങ്ങനെയെന്ന് വിവരിക്കുക.

(2 × 4 = 8 weightage)